

# ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ബഹുജനാടിത്തറ വിപുലീകരിക്കുമ്പോൾ

● കെ.ടി. ഹുസൈൻ

**ഇസ്‌ലാമിനെ** സമഗ്രതയിൽ പ്രതിനിധീകരിക്കുകയും, വൈയക്തിക-സമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കൂട്ടായ്മയെയാണ് പൊതുവെ ഇസ്‌ലാമിക പ്രസ്ഥാനം എന്ന് വ്യവഹരിക്കുന്നത്. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ലക്ഷ്യം അടയാളപ്പെടുത്താൻ ഇഖാമതുദ്ദീൻ (ദീൻ സംസ്ഥാപിക്കുക) എന്ന സംജ്ഞയാണ് സാധാരണയായി ഉപയോഗിക്കപ്പെടുന്നത്. വ്യക്തി, സമൂഹം, സാമൂഹികവ്യവസ്ഥ, രാഷ്ട്രക്രമം, രാഷ്ട്രാന്തരീയ നിയമങ്ങൾ തുടങ്ങി ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ദൈവദത്തമായ നൈതിക, സദാചാരക്രമം പാലിക്കപ്പെടുന്ന സമഗ്രമായ സാമൂഹികമാറ്റം എന്നതാണ് ഇഖാമതുദ്ദീൻ എന്നതുകൊണ്ട് അർഥമാക്കുന്നത്. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പോഷക സംഘടനകളും നടത്തിക്കൊണ്ടിരിക്കുന്ന പ്രബോധനം, സംസ്കരണം, സേവനം, അവകാശ സംരക്ഷണത്തിനും നീതിനിഷേധത്തിനും എതിരായ പോരാട്ടങ്ങൾ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഇഖാമതുദ്ദീൻ എന്ന അടിസ്ഥാന ലക്ഷ്യത്തെ ചൂഴ്ന്നുനിൽക്കുന്നവയാണ്.

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പ്രതിനിധാനം ചെയ്യുന്നത് ഇസ്‌ലാമിനെ ആയതുകൊണ്ട് ഇഖാമതുദ്ദീനിന്റെ മാർഗത്തിലുള്ള അതിന്റെ പ്രവർത്തനരീതിശാസ്ത്രം രൂപപ്പെടുത്തുകയും നിർണയിക്കുകയും ചെയ്യേണ്ടത് ഇസ്‌ലാമിക പ്രമാണങ്ങളാണ്. മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യത്തിനും സ്വയം നിർണയാവകാശത്തിനും വലിയ പ്രാധാന്യം കൽപ്പിക്കുന്ന മതമാണ് ഇസ്‌ലാം. ഇസ്‌ലാമിലൂടെയുള്ള സാമൂഹിക മാറ്റം ബലാൽക്കാരം പാടില്ല എന്നത് ഇസ്‌ലാമിലെ ഒരടിസ്ഥാന തത്ത്വമാണ്. ദീനിൽ ബലാൽക്കാരമില്ല എന്ന ഖുർആനിക പ്രസ്താവന അതിനാൽതന്നെ പ്രവർത്തന രീതിശാസ്ത്രം നിർണയിക്കുന്നേടത്ത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിട്ടുവീഴ്ച കൂടാതെ മുറുകെപ്പിടിക്കേണ്ട അടിസ്ഥാന പ്രമാണമാണ്. ഇഖാമതുദ്ദീനിന്റെ മാർഗത്തിലുള്ള ഏതൊരു പ്രവർത്തനവും ജനാധിപത്യപരമാകണമെന്ന ആധുനിക മുഖ്യധാരാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ കണിശത ഒരടവുനയമോ താൽക്കാലികമായി സ്വീകരിച്ച

തന്ത്രപരമായ സമീപനമോ അല്ല. മറിച്ച് ഇസ്‌ലാമിക പ്രമാണങ്ങളോടുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയെയാണ് അത് പ്രതിഫലിപ്പിക്കുന്നത്.

ഒരു ജനാധിപത്യ സമൂഹത്തിൽ ജനതയുടെ പൊതു ബോധമെന്നത് വളരെ പ്രധാനമാണ്. അതിനെ സ്വാധീനിക്കാതെ യാതൊരു സാമൂഹിക മാറ്റവും പ്രതീക്ഷിക്കാനാവില്ല. ആശയ പ്രചാരണം കൊണ്ടുമാത്രം സാമൂഹിക മാറ്റത്തിന് അനുകൂലവും വിപുലവുമായ തരത്തിലുള്ള പൊതുബോധം സൃഷ്ടിക്കപ്പെടുമെന്ന് കരുതാനും ന്യായങ്ങളില്ല. കാരണം, ആശയപ്രചാരണം സാധാരണഗതിയിൽ താരതമ്യേന വൈജ്ഞാനിക ശേഷിയിൽ മികവ് പുലർത്തുന്ന ഒരു ചെറിയ വിഭാഗത്തെ മാത്രമേ സ്വാധീനിക്കുകയുള്ളൂ. അതിനാൽ ഏതൊരു ആദർശ പ്രസ്ഥാനത്തിനും അത് ലക്ഷ്യംവെക്കുന്ന സാമൂഹിക മാറ്റത്തെക്കുറിച്ച് ജനങ്ങളിൽ പ്രതീക്ഷ ജനിപ്പിക്കുന്ന തരത്തിലുള്ള ജനകീയ പ്രവർത്തനങ്ങളെ ആശ്രയിക്കുകയല്ലാതെ ജനങ്ങളുടെ പൊതുബോധത്തെ സ്വാധീനിക്കുന്നതിന് മറ്റ് കുറുക്കു വഴികളൊന്നുമില്ല. ജനങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ, സേവനപ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ജനങ്ങളുടെ പൊതുബോധത്തെ സ്വാധീനിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗങ്ങൾ. മക്കയിൽ പ്രവാചകൻ തൗഹീദിന്റെ അടിത്തറ ഭദ്രമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ, അഗതികൾക്ക് അന്നം നൽകാൻ പ്രേരിപ്പിക്കാത്തതിനെയും അനാഥരെ ആട്ടിയകറ്റുന്നതിനെയും ശക്തമായി വിമർശിച്ചതും, ശത്രുക്കൾ അടക്കമുള്ളവർ തങ്ങളുടെ ധനം സൂക്ഷിക്കാൻ ഏൽപിച്ചപ്പോൾ അത് ഏറ്റെടുത്തതും, ഏറ്റവും വലിയ ശത്രുവായ അബൂജഹൽ കടം തിരിച്ചുകൊടുക്കാതെ ഒരാളെ പ്രയാസപ്പെടുത്തിയപ്പോൾ അതിൽ ഇടപെട്ടുകൊണ്ട് അയാൾക്ക് നീതി ലഭ്യമാക്കിക്കൊടുത്തതുമെല്ലാം ആദർശ പ്രചാരണത്തോടൊപ്പം സാമൂഹിക ഇടപെടലിലൂടെയും പ്രവാചകൻ ലക്ഷ്യം വെക്കുന്ന സാമൂഹിക മാറ്റത്തിന് അനുകൂലമായ പൊതുബോധം സൃഷ്ടിക്കാൻ തുടക്കത്തിലേ ശ്രമിച്ചുവെന്നതിന്റെ മികച്ച ഉദാഹരണങ്ങളാണ്.

സമസ്ത ജീവിതമണ്ഡലങ്ങളെയും ചൂഴ്ന്നുനിൽക്കുന്ന ഒരു ലോക വീക്ഷണമാണ് ഇസ്‌ലാമെന്ന് തത്ത്വത്തിൽ ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ വിജയിച്ച ഒരു ചരിത്ര ഘട്ടം പിന്നിട്ടതിനു ശേഷം ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ, തങ്ങൾ വിഭാവനം ചെയ്യുന്ന സാമൂഹിക മാറ്റത്തിന് അനുകൂലമായ പൊതുബോധം രൂപപ്പെടുത്തുന്നതിനാവശ്യമായ ജനകീയ പ്രവർത്തനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണിപ്പോൾ. ഫലസ്ത്വീൻ വിമോചന പോരാട്ടത്തിന്റെ തീപ്പന്തമായി ഫലസ്ത്വീനിനകത്തും പുറത്തും ജ്വലിച്ചുനിന്നിരുന്ന യാസർ അറഫാത്തിന്റെ പി.എൽ.ഒവിനെ നിഷ്പ്രഭമാക്കി അഹ്‌മദ് യാസീൻ രൂപം കൊടുത്ത ഹമാസ് ചുരുങ്ങിയ കാലംകൊണ്ട് അധികാരത്തിൽ വരാൻ മാത്രമുള്ള ജനസമ്മിതി നേടിയത് വിട്ടുവീഴ്ചയില്ലാത്ത ഇസ്രയേൽ വിരുദ്ധ നിലപാടുകൊണ്ട് മാത്രമല്ല, അവർ നടത്തിയ വ്യവസ്ഥാപിതമായ സേവന സാമൂഹിക പ്രവർത്തനങ്ങൾക്കൊണ്ട് കൂടിയാണ്. ലബ്നാനിലെ ഹിസ്ബുല്ലയുടെ ജനകീയ അടിത്തറയുടെ പ്രധാന കാരണവും മറ്റൊന്നല്ല. പാകിസ്താന്റെ അഖണ്ഡതക്കുവേണ്ടി ഉറച്ചുനിന്നതിന്റെ പേരിൽ ബംഗ്ലാദേശ് രൂപീകരണാനന്തരം രാജ്യദ്രോഹികളുടെ പ്രസ്ഥാനമായി മുദ്രയടിക്കപ്പെട്ട ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി, ഇന്ന് ബംഗ്ലാദേശിലെ ഏറ്റവും വലിയ ബഹുജന സംഘടനയായി വളർന്നതിന്റെ കാരണവും ജനകീയ പ്രശ്നങ്ങളിലെ ഇടപെടലും ബഹുമുഖമായ സേവന പ്രവർത്തനങ്ങളുമാണ്. ഇഖാമതുദ്ദീനിന്റെ പ്രയോഗവൽക്കരണ മാർഗത്തിൽ സിവിൽ സമൂഹത്തെ ദുർബലപ്പെടുത്താതെയുള്ള സാമൂഹിക ഇടപെടലുകളുടെയും ജനസേവനത്തിന്റെയും പ്രാധാന്യം എല്ലാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും തിരിച്ചറിയുകയും ആ മാർഗത്തിൽ ബഹുദൂരം മുന്നോട്ടുപോകുകയും ചെയ്തിട്ടുണ്ട് എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

**ബഹുസ്വരതയെയും സാംസ്കാരിക വൈവിധ്യങ്ങളെയും അംഗീകരിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രകൃതമായതിനാൽ മുസ്‌ലിംകൾ മാത്രമുള്ള സമൂഹം എന്നത് ഇസ്‌ലാമിന്റെ ലക്ഷ്യമോ വിഭാവനമോ അല്ല. 14 നൂറ്റാണ്ട് ദൈർഘ്യമുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രാനുഭവങ്ങളിൽ ഒരിടത്തും മുസ്‌ലിംകൾ മാത്രമുള്ള സമൂഹം ഉണ്ടായിട്ടുമില്ല. പ്രവാചകൻ അടിത്തറപാകിയ മദീനാ നഗര രാഷ്ട്രം മുതൽ 1924ൽ ഉസ്മാനി ഖിലാഫത്ത് തകർക്കപ്പെടുന്നതുവരെ ഇസ്‌ലാം ഒരു രാഷ്ട്രീയ ശക്തിയായി നിലനിന്ന കാലങ്ങളിലെല്ലാം ഇസ്‌ലാമിക സമൂഹം ബഹുസ്വരമായിരുന്നു.**

ബഹുസ്വരതയെയും സാംസ്കാരിക വൈവിധ്യങ്ങളെയും അംഗീകരിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രകൃതമായതിനാൽ മുസ്‌ലിംകൾ മാത്രമുള്ള സമൂഹം എന്നത് ഇസ്‌ലാമിന്റെ ലക്ഷ്യമോ വിഭാവനയോ അല്ല. 14 നൂറ്റാണ്ട് ദൈർഘ്യമുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രാനുഭവങ്ങളിൽ ഒരിടത്തും മുസ്‌ലിംകൾ മാത്രമുള്ള സമൂഹം ഉണ്ടായിട്ടുമില്ല. പ്രവാചകൻ അടിത്തറപാകിയ മദീനാ രാഷ്ട്രം മുതൽ 1924ൽ ഉസ്മാനി ഖിലാഫത്ത് തകർക്കപ്പെടുന്നതുവരെ ഇസ്‌ലാം ഒരു രാഷ്ട്രീയ ശക്തിയായി നിലനിന്ന കാലങ്ങളിലെല്ലാം ഇസ്‌ലാമിക സമൂഹം ബഹുസ്വരമായിരുന്നു. പ്രവാചകന്റെയും ഖിലാഫത്തുർറാശിദയുടെയും കാലശേഷം ഇസ്‌ലാമിന്റെ രാഷ്ട്രീയ ഘടനക്കു ധാരാളം അപഭ്രംശങ്ങളും പുഴുക്കുത്തുകളും സംഭവിച്ചുവെങ്കിലും അക്കാലങ്ങളിലും ഭരണത്തിന്റെ അടിത്തറയായി സ്വീകരിക്കപ്പെട്ടത് ഇസ്‌ലാമിക ശരീഅത്തായിരുന്നു. ശരീഅത്തിന്റെ ലക്ഷ്യമാകട്ടെ സാമൂഹിക രാഷ്ട്രീയ മണ്ഡലത്തിന്റെ ഇസ്‌ലാമികവൽക്കരണവും. ഇപ്രകാരം ഇസ്‌ലാമികവൽക്കരണം നടന്നിട്ടും ഇസ്‌ലാമിക സമൂഹം എക്കാലത്തും ബഹുസ്വരമായി നിലനിന്നുവെന്നതിൽനിന്ന് മനസ്സിലാക്കേണ്ടത്, എല്ലാ സാംസ്കാരിക വൈവിധ്യങ്ങളെയും ബലാൽക്കാരം നശിപ്പിച്ച് എല്ലാവരെയും നിർബന്ധിച്ച് മുസ്‌ലിംകളാക്കുക എന്നത് ഇഖാമതുദ്ദീനിന്റെ ലക്ഷ്യമായിരുന്നില്ല എന്നാണ്. സ്വന്തം വിശ്വാസ പ്രമാണങ്ങളും സാംസ്കാരിക സവിശേഷതകളും നിലനിർത്തിക്കൊണ്ടുതന്നെ മനുഷ്യരെന്ന നിലയിൽ എല്ലാവർക്കും പ്രയോജനകരമായതും അതിന്റെ സാക്ഷാത്കാരത്തിനായി ഒരുമിച്ച് പ്രവർത്തിക്കാവുന്നതുമായ പൊതു മൂല്യങ്ങൾ, ഇസ്‌ലാം വിഭാവനം ചെയ്യുകയും ദീർഘമായ നൂറ്റാണ്ടുകളിൽ പ്രയോഗവൽക്കരിക്കുകയും ചെയ്ത ഇഖാമതുദ്ദീനിന് ഉണ്ടായിരുന്നുവെന്നാണ് ഇസ്‌ലാമിക സാമൂഹിക ഘടനയുടെ ബഹുസ്വര സ്വഭാവം ബോധ്യപ്പെടുത്തുന്നത്.

ഒട്ടേറെ സംസ്കാരങ്ങൾക്ക് ജന്മം നൽകുകയും ഇന്നും അതിന്റെ ശോഭ കെടാതെ നിലനിൽക്കുകയും ചെയ്യുന്ന മധ്യ പൗരസ്ത്യ രാജ്യങ്ങളിലും ഇന്ത്യയിലും

ആഫ്രിക്കയിലും ദീർഘകാലം ഇസ്‌ലാമിക ഭരണകൂടം പോറലേൽക്കാതെ നിലനിന്നത് ഇഖാമതുദ്ദീനിന്റെ സൽഫലങ്ങൾ ആ നാടുകളിലെ ഇതര മതസ്ഥർ കൂടി തിരിച്ചറിഞ്ഞതിന്റെയും അതിന്റെ സാക്ഷാൽക്കരണത്തിൽ അവരെ കൂടി പങ്കാളികളാക്കിയതിന്റെയും ഫലമാണ്. അതിനാൽ ഇസ്‌ലാമിന്റെ സാമൂഹിക സംവിധാനം തകർന്നതിന് ശേഷം അത് പുനഃസ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അതിന്റെ ബഹുജനാടിത്തറ വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ തീർച്ചയായും ഇസ്‌ലാമിക സമൂഹത്തിന്റെ ഈ ചരിത്രാനുഭവം കൂടി ആലോചനക്ക് വിഷയീഭവിക്കേണ്ടതാണ്.

മത-ജാതി ഭേദമന്യെ പരക്കെ പ്രയോജനകരമായ ഇഖാമതുദ്ദീനിന്റെ സൽഫലങ്ങളും പൊതുവായ മൂല്യങ്ങളും എന്തൊക്കെയാണെന്നറിയാൻ ഇസ്‌ലാമിക ശരീഅത്തിന്റെ ലക്ഷ്യങ്ങൾ മനസ്സിലാക്കിയാൽ മതിയാകും. പൊതുവെ അഞ്ച് കാര്യങ്ങളാണ് ശരീഅത്തിന്റെ ലക്ഷ്യമായി നിർണയിക്കപ്പെട്ടിട്ടുള്ളത്. ജീവൻ, ചിന്ത, അഭിമാനം, സമ്പത്ത്, ആദർശം എന്നിവയാണ് ആ പഞ്ചലക്ഷ്യങ്ങൾ. ഇവയിൽ ആദർശമൊഴികെയുള്ള ബാക്കി നാലു കാര്യങ്ങളുടെയും സംരക്ഷണം മുസ്‌ലിം-അമുസ്‌ലിം ഭേദമന്യെ എല്ലാവർക്കുമൊരുപോലെ ബാധകമാണ്. പൗരാവകാശങ്ങളുടെ പരിരക്ഷ, അവസരസമത്വം, സാമൂഹിക നീതി, സുരക്ഷിതത്വം, സ്വാതന്ത്ര്യം, സാമൂഹിക തിന്മകളുടെ നിർമാർജനം തുടങ്ങിയവ ഉറപ്പുവരുത്തുന്നതിലൂടെയാണ് ജനങ്ങളുടെ ജീവൻ, സമ്പത്ത്, അഭിമാനം, ചിന്ത എന്നിവ സംരക്ഷിക്കപ്പെടുന്നത്. ഇവയുടെ സംരക്ഷണത്തിന് നൽകിയ മുന്തിയ പരിഗണനയാണ്, ഇസ്‌ലാമികാദർശത്തോടുള്ള പ്രതിബദ്ധതയിലെ ഏറ്റവ്യത്യാസങ്ങൾക്കനുസരിച്ച് ഏറിയും കുറഞ്ഞുമിരുന്നെങ്കിലും ഇസ്‌ലാമിക ഭരണകൂടത്തെ ചരിത്രത്തിൽ വേറിട്ട് നിർത്തിയ ഘടകം. ഇഖാമതുദ്ദീനിന്റെ ഭൗതിക ഫലമായി വ്യവഹരിക്കാവുന്ന ശരീഅത്തിന്റെ ഈ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനുള്ള പ്രവർത്തനങ്ങളിൽ അമുസ്‌ലിംകളെ കൂടി പങ്കാളികളാക്കാമെന്നതിന് ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രാനുഭവങ്ങൾക്കു പുറമെ സഹകരണത്തിന്റെ ചില അടിസ്ഥാനങ്ങൾ നിർണയിച്ചുകൊണ്ടുള്ള ഖുർആന്റെ നിർദ്ദേശങ്ങളും തെളിവായുണ്ട്.

'മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ ഗേഹങ്ങളിൽ നിന്ന് ആട്ടിയോടിച്ചിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കിയിട്ടില്ല. നിശ്ചയം നീതിനിഷ്ഠയുള്ളവരെ അല്ലാഹു സ്നേഹിക്കുന്നു' (വി.ഖു. 61/8).

'നന്മയുടെയും ദൈവഭക്തിയുടെതുമായ കാര്യങ്ങളിൽ നിങ്ങൾ എല്ലാവരോടും സഹകരിക്കേണ്ടതാകുന്നു. കുറ്റകരവും അതിക്രമപരവുമായ കാര്യങ്ങളിൽ ആരോടും സഹകരിക്കാവുന്നതുമല്ല' (വി.ഖു. 5/2).

ആദർശത്തിന്റെ പേരിൽ മുസ്‌ലിംകളോട് ശത്രുത വെച്ചുപുലർത്താത്ത എല്ലാവരോടും നന്മയിലും നീതിയിലും സഹകരിക്കാമെന്നതിന്റെ വ്യക്തമായ സൂചനയാണ് ഈ രണ്ട് സൂക്തങ്ങളും നൽകുന്നത്. നന്മക്കും നീതിക്കും വേണ്ടിയുള്ള യോജിച്ച പ്രവർത്തനം നന്മയിലും നീതിയിലും വർത്തിക്കുന്നതിന്റെ വിശാലമായ താൽപര്യമാണെന്ന കാര്യത്തിൽ സംശയമില്ല.

ഇത്തരം സഹകരണത്തിന്റെയും യോജിച്ച പ്രവർത്തനത്തിന്റെയും നിരവധി മാതൃകകൾ പ്രവാചക ചരിത്രത്തിലും പ്രവാചകാനന്തര ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രാനുഭവങ്ങളിലും ധാരാളമായി കണ്ടെത്താൻ കഴിയും. പ്രവാചകൻ 13 വർഷം മക്കയിൽ നടത്തിയ പ്രബോധന പ്രവർത്തനത്തിന്റെ ലക്ഷ്യം ഇഖാമതുദ്ദീൻ ആയിരുന്നുവെന്നതിൽ സംശയമില്ല. 'അല്ലാഹുവല്ലാതെ ഇലാഹില്ല എന്ന് അംഗീകരിച്ചാൽ അറബിയും അനറബിയും നിങ്ങൾക്ക് കീഴ്പ്പെടും' എന്ന് പ്രവാചകൻ മക്കയിൽവെച്ച് ദീർഘദർശനം ചെയ്തതിന്റെയും മദീനയിലേക്ക് ഹിജ്റ പോകുമ്പോൾ, തന്നെ പിടികൂടാനായി പിറകെ കൂടിയ സുറാഖക്ക് ഇസ്‌ലാം സ്വീകരിച്ചാൽ കിസ്റയുടെയും കൈസറിന്റെയും വള വാഗ്ദാനം ചെയ്തതിന്റെയും പൊരുൾ മറ്റൊന്നല്ല. ഇഖാമതുദ്ദീനിന്റെ അടിത്തറ രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട പ്രവാചകനെ മക്കയിൽ സഹായിച്ചതും സംരക്ഷിച്ചതും മക്കയിലെ ദുർബലരായ വിരലിലെണ്ണാവുന്ന അദ്ദേഹത്തിന്റെ അനുയായികളോ പിതൃവ്യനായ അബൂത്വാലിബോ മാത്രമായിരുന്നില്ല. മറിച്ച്, ശത്രു പാളയത്തിൽ സ്ഥാനമുറപ്പിച്ച പിതൃവ്യൻ അബൂലഹബ് ഒഴികെയുള്ള പ്രവാചകന്റെ കുടുംബമായ ബനൂഹാശിം ഒന്നടങ്കം അദ്ദേഹത്തിന്റെ പിന്നിലുണ്ടായിരുന്നു. അവർ പ്രവാചകനെ സംരക്ഷിക്കുകയും സഹായിക്കുകയും അതിന്റെ പേരിൽ മൂന്ന് വർഷത്തോളം സാമൂഹിക ബഹിഷ്കരണം അടക്കമുള്ള കടുത്ത പീഡനങ്ങൾ ഏറ്റുവാങ്ങാൻ വരെ തയാറാവുകയും ചെയ്തു. അബൂത്വാലിബിന്റെ മരണശേഷം ഹിജ്റ വരെ പ്രവാചകന്റെ ഏറ്റവും വലിയ പിൻബലം, അമുസ്‌ലിമായിരുന്ന മുത്ഇമുബ്നു അദിയ്യായിരുന്നു. ഹിജ്റ പോകാനൊരുങ്ങിയ അബൂബക്കറിനെ അതിൽ നിന്ന് തടഞ്ഞ് എല്ലാ സംരക്ഷണവും വാഗ്ദാനം ചെയ്ത ഇബ്നുദുഗ്നയും ഇസ്‌ലാം സ്വീകരിച്ചു കൊണ്ടല്ല അപ്രകാരം ചെയ്തത്.

പ്രവാചകന്റെ മക്കാ ജീവിതത്തിലെ നിർണായക സംഭവമായിരുന്നു അഖബാ ഉടമ്പടി. മദീനയിൽ നിന്ന് ഇസ്‌ലാം സ്വീകരിച്ചെത്തിയ ഏതാനും ഗോത്രപ്രമുഖരുമായി പ്രവാചകൻ ഉണ്ടാക്കിയ ഈ കരാറാണ് പ്രവാചകന്റെയും അനുയായികളുടെയും ഹിജ്റയിലേക്കും തദ്വാര മദീനയിലെ ഇസ്‌ലാമിക രാഷ്ട്ര രൂപീകരണത്തിലേക്കും നയിച്ചത്. എല്ലാ സംരക്ഷണവും പിൻവലിക്കപ്പെട്ട് തീർത്തും നിസ്സഹായനായതുകൊണ്ടല്ല പ്രവാചകൻ ഹിജ്റ പോകാൻ തീരുമാനമെടുത്തത്. മറിച്ച്, ഇഖാമതുദ്ദീനിന്റെ പ്രയോഗവൽക്കരണത്തിലേക്കുള്ള ഒരു ചുവടെന്ന നിലയിൽ പ്രവാചകൻ കൈക്കൊണ്ട നിർണായകമായ ഒരു രാഷ്ട്രീയ തീരുമാനമായിരുന്നു ഹിജ്റ. ഹിജ്റയുടെ സന്ദർഭത്തിലും പ്രവാചകന് മക്കയിലെ സംരക്ഷണം പിൻവലിക്കപ്പെട്ടിരുന്നില്ല എന്നത് പ്രവാചകനെ വധിക്കാൻ ഖുറൈശികൾ തീരുമാനിച്ചപ്പോൾ പോലും തനിയെ ആരും തന്നെ അദ്ദേഹത്തെ വക വരുത്താൻ ധൈര്യപ്പെട്ടില്ല എന്നതിൽ നിന്ന് വ്യക്തമാണ്. ബനൂഹാശിമിന്റെ പ്രതികാരത്തെ കുറിച്ച ഭയമാണ് എല്ലാ ഗോത്രങ്ങളിൽ നിന്നും ഓരോരുത്തരെ തെരഞ്ഞെടുത്ത് വധശ്രമം സംയുക്ത സംരംഭമാക്കാൻ അവരെ പ്രേരിപ്പിച്ച ചേതോവികാരം. അഖബാ ഉടമ്പടിയിൽ പ്രവാചകനുവേണ്ടി മദീനക്കാരുമായി സംസാരിച്ചത് അന്ന് മുസ്‌ലിമായിട്ടില്ലാത്ത പിതൃവ്യൻ അബ്ബാസായിരുന്നുവെന്നതിൽനിന്ന് ഹിജ്റ തീരുമാനിക്കപ്പെട്ട വേളയിലും മക്കയിൽ പ്രവാചകന് കുടുംബത്തിന്റെ പൂർണ സംരക്ഷണമുണ്ടായിരുന്നുവെന്നാണ് വ്യക്തമാക്കുന്നത്. ഇഖാമതുദ്ദീനിന്റെ മാർഗത്തിലുള്ള തന്റെ പുതിയ ചുവടുവെപ്പിൽ കുടുംബക്കാരുടെ സംരക്ഷണവും സഹകരണവും മാത്രം പോരെന്നും, ആദർശത്തിന്റെ മാർഗത്തിൽ വേണ്ടിവന്നാൽ ചോരചിന്താൻ വരെ തയാ

റുള്ള ഒരു പുതിയ വിഭാഗത്തിന്റെ അകമഴിഞ്ഞ പിന്തുണയും തന്റെ പദ്ധതിയുടെ പ്രയോഗവൽക്കരണത്തിന് മക്കയേക്കാൾ നനവും പശിമയുമുള്ള പുതിയ മണ്ണും ആവശ്യമാണെന്ന തിരിച്ചറിവാണ് ഹിജ്റ എന്ന രാഷ്ട്രീയ തീരുമാനത്തിലേക്ക് അദ്ദേഹത്തെ എത്തിച്ചത്.

ഹിജ്റാനന്തരം ഇഖാമതുദ്ദീനിന്റെ പ്രയോഗവൽക്കരണമെന്ന നിലയിൽ തന്റെ നേതൃത്വത്തിൽ മദീനാ രാഷ്ട്രത്തിന് രൂപംകൊടുത്തപ്പോഴും അവിടെ ഉണ്ടായിരുന്ന ജൂതന്മാരെയും ഇസ്ലാം സ്വീകരിച്ചിട്ടില്ലാത്ത അറബി ഗോത്രങ്ങളെയും ലിഖിതമായൊരു കരാറിലൂടെ ഇസ്ലാമിക സാമൂഹിക ഘടനയുടെ ഭാഗമാക്കുകയാണ് പ്രവാചകൻ ചെയ്തത്. മദീനാ പാക്ട് എന്നപേരിൽ ചരിത്രത്തിൽ അറിയപ്പെടുന്ന പ്രസ്തുത കരാർ സുരക്ഷിതത്വം, സമാധാനം, മനുഷ്യാവകാശങ്ങളുടെ പരിരക്ഷ തുടങ്ങിയവ അവർക്ക് വാഗ്ദാനം ചെയ്യുകയും പകരം മദീനാ നഗര രാഷ്ട്രത്തിന്റെ പ്രതിരോധത്തിന് അവരുടെകൂടി പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. ഹിജ്റ ആറാം വർഷത്തിൽ നജ്റാനിലെ ക്രിസ്ത്യാനികളെയും ഇതേ വ്യവസ്ഥ പ്രകാരം പ്രവാചകൻ ഇസ്ലാമിക സാമൂഹിക ഘടനയുടെ ഭാഗമാക്കി.

പ്രവാചകൻ മദീനയിൽ അടിത്തറ പാകിയ ഈ ബഹുസ്വര സാമൂഹിക ഘടനയെ മാതൃകയാക്കി പിൽക്കാലത്ത് ഖലീഫമാർ തങ്ങൾ വിമോചിപ്പിച്ച പ്രദേശങ്ങളിലെ സൗരാഷ്ട്രർ, ബുദ്ധമതക്കാർ, ഹിന്ദുക്കൾ തുടങ്ങിയവരെയും അവരുടെ മതംമാറാതെ തന്നെ ഇസ്ലാമിക സാമൂഹിക ക്രമത്തിൽ അവകാശങ്ങളും ബാധ്യതകളുമുള്ള അംഗങ്ങളാക്കി. തങ്ങളുടെ മതത്തിൽ ഉറച്ചുനിൽക്കാൻ താൽപര്യപ്പെടുന്ന ഇത്തരം അംഗങ്ങൾക്ക് ഇസ്ലാമിക സാമൂഹികക്രമത്തെ പ്രതിരോധിക്കാനുള്ള സൈനിക സേവനം മുസ്ലിംകളെ പോലെ നിർബന്ധമല്ല. എന്നാൽ സൈനിക സേവനത്തിന് നിർബന്ധിക്കില്ലെങ്കിലും സ്വമേധയാ അതിന് സന്നദ്ധരാകുന്നവരെ പ്രതിരോധ സേനയിൽ ചേർക്കുകയും അവരുടെ ജിസ്യ ഒഴിവാക്കി കൊടുക്കുകയും ചെയ്യണമെന്നാണ് ഐകകണ്ഠമായ പണ്ഡിതമതം. ഇസ്ലാമിക രാഷ്ട്രത്തെ സ്വമേധയാ സേവിക്കാൻ സന്നദ്ധരായ അമുസ്ലിംകളെ രാഷ്ട്രത്തലവൻ, മുഖ്യ ന്യായാധിപൻ തുടങ്ങിയ ഏതാനും സ്ഥാനങ്ങൾ ഒഴികെയുള്ള എല്ലാ ഔദ്യോഗിക സ്ഥാനങ്ങളിലും നിയോഗിച്ചു എന്നതിന് ഇസ്ലാമിക ചരിത്രം സാക്ഷിയാണ്. പ്രവാചകൻ അബ്സീനിയയിലെ അംബാസഡറായി അംറുബ്നു ഉമയ്യത്തുദംറിയയെ നിയമിക്കുമ്പോൾ അദ്ദേഹം മുസ്ലിമായിട്ടുണ്ടായിരുന്നില്ല (Muslim Candidate of State By Hameedulla, p. 114). ഖലീഫാ ഉമർ മദീനയിലെ ചീഫ് അക്കൗണ്ടന്റായി നിയമിച്ചത് ഗ്രീക്കുകാരനായിരുന്ന ഒരു ക്രിസ്ത്യാനിയെയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് പേർഷ്യൻ സാമ്രാജ്യത്വത്തെ തകർത്ത ഖാദിസിയാ യുദ്ധത്തിൽ സഅദ്ബ്നു അബീ വഖാസിന്റെ നേതൃത്വത്തിലുള്ള മുസ്ലിം സൈന്യത്തിൽ ഇറാഖുകാരായ ധാരാളം ക്രിസ്ത്യാനികളുണ്ടായിരുന്നു. അവരിൽ ധാരാളം പേർ പേർഷ്യയോട് ഏറ്റുമുട്ടി രക്തസാക്ഷികളാവുകയും ചെയ്തു. ഉമവി ഖലീഫ അബ്ദുൽ മലികിന്റെ കൗൺസിലർ ഡമസ്കസിലെ പാതിരിയുടെ പിതാവായിരുന്നു. അബ്ബാസീ ഖലീഫ മുഅ്തദിന്റെ ഗവർണർ ഉമറുബ്നു യൂസുഫ്, ഖലീഫ മുഅ്തസിമിന്റെ സ്റ്റേറ്റ് സെക്രട്ടറി സൽമുയ തുടങ്ങിയവർ ക്രിസ്ത്യാനികളായിരുന്നു. ഉസ്മാനീ ഭരണകൂടം മില്ലത് വ്യവസ്ഥയിലൂടെ രാജ്യത്തെ ന്യൂനപക്ഷമായ ക്രിസ്ത്യാനികളെയും ജൂതന്മാരെയും എല്ലാവിധ സ്വയംനിർണയാവകാശങ്ങളും അനുവദിച്ചുകൊണ്ട് തുല്യ അവകാശങ്ങളുള്ള പൗരന്മാരെന്ന നിലയിൽ ഇസ്ലാമിക സാമൂഹിക ക്രമത്തിലെ അവിഭാജ്യ ഘടകങ്ങളാക്കി. ഇപ്രകാരം ഫെഡറലിസത്തെ വിട്ടുവീഴ്ചയില്ലാത്ത ഒരടിത്തറയായി സ്വീകരിച്ചതുകൊണ്ടാണ് ഒട്ടേറെ സാംസ്കാരിക വൈവിധ്യങ്ങൾ ഉള്ളടങ്ങിയ ഉസ്മാനീ സാമൂഹികക്രമം ദീർഘകാലം തകരാതെ പിടിച്ചുനിന്നത്. ഇസ്ലാമിക ചരിത്രത്തിൽ ഏറ്റവും ദീർഘമായി നിലനിന്ന ഭരണം എന്ന ഖ്യാതി ഉസ്മാനികൾക്ക് മാത്രം അവകാശപ്പെട്ടതാണ്.

മതഭക്തരായി അറിയപ്പെട്ട ഔറംഗസേബും ടിപ്പുസുൽത്താനുമടക്കമുള്ള ഇന്ത്യയിലെ എല്ലാ മുസ്ലിം ഭരണാധികാരികളും ഹിന്ദുക്കളെ മന്ത്രിമാരും സൈനിക തലവന്മാരുമായി നിയമിച്ചിരുന്നു. ടിപ്പുവിന്റെ ബ്രാഹ്മണനായ പ്രധാനമന്ത്രി പൂർണയ്യയും ഔറംഗസേബിന്റെ രജപുത്രനായ സൈനിക തലവൻ രാജാ മാൻസിംഗും പ്രശസ്തരാണല്ലോ. അമുസ്ലിംകളെ ഇപ്രകാരം ഭരണത്തിന്റെ സുപ്രധാന സ്ഥാനങ്ങളിൽ അവരോധിച്ചതിന്റെ പേരിൽ ഒറ്റ ഇസ്ലാമിക പണ്ഡിതനും ഭരണകൂടത്തെ വിമർശിച്ചില്ല എന്നതാണ് ശ്രദ്ധിക്കേണ്ട കാര്യം. ഭരണകൂടത്തിന്റെ കൊള്ളരുതായ്മകളെ വിമർശിക്കാൻ കരുത്തു കാണിച്ച മതപണ്ഡിതന്മാർ ഇസ്ലാമിക ചരിത്രത്തിൽ എക്കാലത്തുമുണ്ടായിരുന്നു. ഇസ്ലാമിക സാമൂഹിക ക്രമത്തിൽ അമുസ്ലിം പങ്കാളിത്തമെന്നത് സർവാംഗീകൃതമായ കാര്യമായിരുന്നുവെന്നാണ് ഇത് വെളിപ്പെടുത്തുന്നത്. ശാഫിഈ വിഭാഗത്തിലെ ഇമാം മാവർദിയും ഹമ്പലി വിഭാഗത്തിൽപെട്ട അബൂയഅ്ലയും അമുസ്ലിംകളെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർമാരും മന്ത്രിമാരുമായി നിയമിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടതായി ഇസ്ലാമിക ഭരണകൂടത്തെ കുറിച്ച് പഠനം നടത്തിയ ഡോ. ഹമീദുല്ല രേഖപ്പെടുത്തിയിട്ടുണ്ട് (Introduction to Islam p: 139).

ഇസ്ലാമിന്റെ സാമൂഹിക ക്രമം നിലവിലില്ലാത്ത സാഹചര്യത്തിൽ ഇസ്ലാമിക അടിത്തറയിൽ രൂപപ്പെട്ട നിരവധി സാമൂഹിക ഇടപെടലുകളിൽ അമുസ്ലിംകളെ സജീവ പങ്കാളികളാക്കിയതിന് ഇസ്ലാമിക സമൂഹത്തിന്റെ ചരിത്രാനുഭവങ്ങളിൽ നിരവധി മാതൃകകൾ കണ്ടെത്താവുന്നതാണ്.

ഇന്ത്യയിൽ പാശ്ചാത്യ കോളനിവാഴ്ചക്കെതിരെ ശക്തമായ ആദ്യത്തെ പോരാട്ടം നടന്നത് കേരളത്തിലാണ്. 16-ാം

**പൗരാവകാശങ്ങളുടെ പരിരക്ഷ, അവസരസമത്വം, സാമൂഹിക നീതി, സുരക്ഷിതത്വം, സ്വാതന്ത്ര്യം, സാമൂഹിക തിന്മകളുടെ നിർമാർജ്ജനം തുടങ്ങിയവ ഉറപ്പുവരുത്തുന്നതിലൂടെയാണ് ജനങ്ങളുടെ ജീവൻ, സമ്പത്ത്, അഭിമാനം, ചിന്ത എന്നിവ സംരക്ഷിക്കപ്പെടുന്നത്. ഇവയുടെ സംരക്ഷണത്തിന് നൽകിയ മുന്തിയ പരിഗണനയാണ്, ഇസ്ലാമികാദർശത്തോടുള്ള പ്രതിബദ്ധതയിലെ ഏറ്റവ്യത്യാസങ്ങൾക്കനുസരിച്ച് ഏറിയും കുറഞ്ഞുമിരുന്നെങ്കിലും ഇസ്ലാമിക ഭരണകൂടത്തെ ചരിത്രത്തിൽ വേറിട്ട് നിർത്തിയ ഘടകം. ഇഖാമതുദ്ദീനിന്റെ ഭൗതിക ഫലമായി വ്യവഹരിക്കാവുന്ന ശരീഅത്തിന്റെ ഈ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനുള്ള പ്രവർത്തനങ്ങളിൽ അമുസ്ലിംകളെ കൂടി പങ്കാളികളാക്കാമെന്നതിന് ഇസ്ലാമിക സമൂഹത്തിന്റെ ചരിത്രാനുഭവങ്ങൾക്കു പുറമെ സഹകരണത്തിന്റെ ചില അടിസ്ഥാനങ്ങൾ നിർണയിച്ചുകൊണ്ടുള്ള ഖുർആന്റെ നിർദ്ദേശങ്ങളും തെളിവായുണ്ട്.**

നൂറ്റാണ്ടിൽ പോർച്ചുഗീസുകാർക്കെതിരെ കേരള മുസ്‌ലിംകളാണ് അതിന് നേതൃത്വം നൽകിയത്. സാമൂതിരിയെയും അദ്ദേഹത്തിന്റെ നായർ പടയാളികളെയും ഉൾപ്പെടുത്തി ഒരു സംയുക്ത മുന്നണിക്ക് രൂപംകൊടുത്തുകൊണ്ടാണ് കേരള മുസ്‌ലിംകൾ അധിനിവേശ വിരുദ്ധ പോരാട്ടത്തിന് മുന്നിട്ടിറങ്ങിയത്. ഈ സംയുക്ത സംരംഭത്തെ അതിന്റെ സൈദ്ധാന്തികനായി അറിയപ്പെട്ട ശൈഖ് സൈനുദ്ദീൻ മഖ്ദൂം 'ജിഹാദ്' എന്ന് വിശേഷിപ്പിച്ചത് പ്രസ്തുത സാമൂഹിക ഇടപെടലിന്റെ ഇസ്‌ലാമികാടിത്തറ സംശയലേശമന്യേ വ്യക്തമാക്കുന്നുണ്ട്. മലബാറിലേക്കുള്ള ബ്രിട്ടീഷ് അധിനിവേശത്തിന്റെ തുടക്കത്തിൽ അതിനെതിരെ പഴശ്ശിരാജയും ഉണ്ണിമൂസ മൂപ്പനും ചെമ്പൻ പോക്കരും ചേർന്നു നടത്തിയ സംയുക്ത ചെറുത്തുനിൽപ്പിനെ അക്കാലത്ത് ജീവിച്ച മതപണ്ഡിതനായ മമ്പുറം അലവി തങ്ങളും പിന്തുണച്ചിരുന്നു.

ഇന്ത്യക്കു മേലുള്ള ബ്രിട്ടീഷ് അധിനിവേശം പൂർണമായതിനുശേഷം അതിനെതിരെ ഇന്ത്യയിൽ നടന്ന ആദ്യത്തെ വമ്പിച്ച ബഹുജനപ്രക്ഷോഭമായിരുന്നു 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം. ഇന്ത്യയിലെ മുസ്‌ലിം ഭരണത്തെ തകർത്ത് കൊണ്ടാണ് ഇവിടെ ബ്രിട്ടീഷ് മേൽകോയ്മ ഉറപ്പിക്കപ്പെട്ടത് എന്നതിനാൽ അതിനെതിരെ നടക്കുന്ന ആദ്യ ബഹുജനപ്രക്ഷോഭത്തിന്റെ നേതൃത്വം സ്വാഭാവികമായും മുസ്‌ലിംകൾക്കായിരുന്നു. ഇന്ത്യ ബ്രിട്ടീഷ് മേൽക്കോയ്മയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന കാലത്ത് ജീവിച്ച പരിഷ്കർത്താവായ ഷാ വലിയുല്ലാഹ് ദഹ്‌ലവിയുടെ നവോത്ഥാന ചിന്തകളും, അതിന്റെ അടിത്തറയിൽ ഇന്ത്യയിലെ ആദ്യത്തെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് രൂപം കൊടുത്ത സയ്യിദ് അഹ്മദ് ശഹീദിന്റെ വിപ്ലവകരമായ പ്രവർത്തനങ്ങൾ ഇളക്കിവിട്ട രാഷ്ട്രീയ ബോധവുമായിരുന്നു 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പ്രത്യയശാസ്ത്രാടിത്തറ. ഇത്തരമൊരു സമരം അമുസ്‌ലിം രാജാക്കന്മാരുടെയും നാടുവാഴികളുടെയും പട്ടാളക്കാരുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തം കൊണ്ടാണ് ജനകീയ പ്രക്ഷോഭമായി വളർന്നത്.

20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലെ ഖിലാഫത്ത് സമരത്തിന്റെ ഇസ്‌ലാമികത അതിന്റെ പേരു തന്നെ വെളിപ്പെടുത്തുന്നുണ്ട്. ദയൂബന്ത് മതപണ്ഡിതന്മാരും അലി സഹോദരന്മാരും മൗലാന അബുൽകലാം ആസാദും നേതൃത്വം നൽകിയ പ്രസ്തുത സമരത്തിൽ ഗാന്ധിജിയുടെ പിന്തുണയും പങ്കാളിത്തവും സുവിദിതമാണല്ലോ.

ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കുള്ളിലും, ജാതി-മത ഭേദമന്യേ എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ജനകീയാടിത്തറ വിപുലീകരിക്കുന്നതിനെക്കുറിച്ച് ചർച്ചകളും അന്വേഷണങ്ങളും സജീവമാണ്. ലബനാനിലെ ചെറുത്തുനിൽപ്പ് പ്രസ്ഥാനമായ ഹിസ്ബുല്ലയുടെ ചാവേർ പടയാളികളുടെ കൂട്ടത്തിൽ ധാരാളം ക്രിസ്ത്യാനികൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഭീകരതയായി മുദ്രയടിക്കപ്പെട്ടിട്ടുള്ള ചാവേർ പരീക്ഷണങ്ങൾ വരെ അജണ്ടയായിട്ടും, ഹിസ്ബുല്ല നവ സാമൂഹിക പ്രസ്ഥാനങ്ങളുടെ അന്താരാഷ്ട്ര വേദികളിലേക്ക് ക്ഷണിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതിന്റെ കാരണം, അതിന്റെ ഈ ബഹുസ്വരഘടനയാണെന്ന് തോന്നുന്നു. ഹമാസ് ഭൂരിപക്ഷം നേടിയ ഫലസ്തീൻ തെരഞ്ഞെടുപ്പിൽ ഹമാസ് ടിക്കറ്റിൽ ജയിച്ച ഒരാൾ ക്രിസ്ത്യാനിയായിരുന്നു. രാജ്യത്തിന്റെ പ്രസിഡന്റ് ഒഴികെയുള്ള എല്ലാ അധികാരസ്ഥാനങ്ങളും അമുസ്‌ലിംകൾക്ക് നൽകാമെന്ന് ഈയിടെ പുറത്തിറക്കിയ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സമീപന രേഖയും വ്യക്തമാക്കുന്നു. അധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളെല്ലാം ബഹുസ്വരമായ ഉള്ളടക്കങ്ങൾ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ജനകീയാടിത്തറ വികസിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായ ആലോചനയിലാണെന്നതാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ■